(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വയം തൊഴിൽ വായ്പയ്ക്കുള്ള എത്ര അപേക്ഷകൾ പിന്നോക്ക വിഭാഗ കോർപ്പ റേൻ ആഫീസുകളിൽ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്രപേർക്ക് വായ്പ അനുവദിച്ചി ട്ടുണ്ട്;

(സി) ബാക്കി അപേക്ഷകൾക്ക് എപ്പോൾ വായ്പ കൊടുക്കുവാനാണ് ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 31.12.99 വരെ 17700 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) 29.2.2000 വരെ 14152 പേർക്ക് വായ്പ അനുവദിച്ചിട്ടുണ്ട്.

(സി) മൂന്നു മാസത്തിനകം കൊടുത്തു തീർക്കുന്നതാണ്.

പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിലെ നിയമനം

5 (3404) ശ്രീ. വി. ബാലറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക -പട്ടിക സമുദായക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷ നിൽ വിവിധ തസ്തികകളിലെ നിയമനം കോർപ്പറേഷൻ നേരിട്ടു നടത്തുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികളിലാണ് നിയമനം നടത്തുവാൻ തീരുമാനിച്ചിട്ടുള്ളത്;

(സി) ഓരോ തസ്തികയ്ക്കുമുള്ള ഉദ്യോഗാർത്ഥികളുടെ യോഗ്യത എന്തെല്ലാം;

(ഡി) പ്രസ്തുത തസ്തികകളിലെ ഉദ്യോഗാർത്ഥികളെ എന്തു മാനദ ണ്ഡമനുസരിച്ചാണ് നിയമിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്;

(ഇ) സംസ്ഥാനത്തെ യോഗ്യതയുള്ള മുഴുവൻ ഉദ്യോഗാർത്ഥികൾക്കും അപേക്ഷ സമർപ്പിക്കുവാൻ അവസരം നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്ത മാക്കുമോ;

(എഫ്) ഈ കോർപ്പറേഷനിലെ മുഴുവൻ നിയമനങ്ങളും പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ജി) ഈ കോർപ്പറേഷൻതന്നെ നേരിട്ട് നിയമനം നടത്തുന്നതിന് എഴുത്തു പരീക്ഷയും കൂടിക്കാഴ്ചയും നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ;

(എച്ച്) പ്രസ്തുത കോർപ്പറേഷനിലെ നിയമനങ്ങൾ പി.എസ്.സി. ക്ക് വിടാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ നടത്തുവാൻ തീരുമാനിച്ചിട്ടുള്ള നേരിട്ടുള്ള നിയമനങ്ങൾ നിർത്തിവയ്ക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രോജക്ട് അസിസ്റ്റന്റ്, സ്റ്റെനോടൈപ്പിസ്റ്റ്. ജൂനിയർ അസിസ്റ്റന്റ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നേരിട്ടുള്ള നിയമനം.

പ്രോജക്ട് അസിസ്റ്റന്റ്

(1) മാനേജ്മെന്റ്, അഡ്മിനിസ്ട്രേഷൻ, ഇക്കണോമിക്സ്, മാത്തമാറ്റിക്സ്, സ്റ്റാറ്റിസ്റ്റിക്സ്, കോമേഴ്സ് ഇവയിലേതിലെങ്കിലുമുള്ള ബിരുദാനന്തര ബിരുദം.

(2) കമ്പ്യൂട്ടർ സയൻസിലുള്ള ഡിപ്ലോമയോ സർട്ടിഫിക്കറ്റോ ഉണ്ടായിരിക്കണം.

സ്റ്റെനോടൈപ്പിസ്റ്റ് ആർട്ട്സ്, സയൻസ്, കോമേഴ്സ് ഇവയിലേതെങ്കിലുമുള്ള യൂണിവേഴ്സിറ്റി ബിരുദം, കെ.ജി.ടി.ഇ അല്ലെങ്കിൽ എം.ജി.ടി.ഇ ഇംഗ്ലീഷ് ഹയർ ഗ്രേഡ് സർട്ടിഫിക്കറ്റ് ഡിപ്ലോമ.

(3) കെ.ജി.ടി.ഇ അല്ലെങ്കിൽ എം.ജി.ടി.ഇയുടെ മലയാളം ലോവർ ഗ്രേഡ് ടൈപ്പ് റൈറ്റിംഗ് സർട്ടിഫിക്കറ്റ്

4. കെ.ജി.ടി.ഇ അല്ലെങ്കിൽ എം.ജി.ടി.ഇ.യുടെ ഷോർട്ട്ഹാന്റ് ഇംഗ്ലീഷ് ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ്

ജൂനിയർ അസിസ്റ്റന്റ്/ക്ലാർക്ക്

ആർട്ട്സ്, സയൻസ്, കോമേഴ്സ് ഇവയിലേതെങ്കിലുമുള്ള യൂണിവേഴ്സിറ്റി ബിരുദം.

(ഡി) ആന്റ് (ഇ) നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടാത്ത പൊതുസ്ഥാപനങ്ങളിൽ സ്ഥിരം നിയമനം നടത്തുന്നതിന് ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള നടപടി ക്രമങ്ങളും വ്യവസ്ഥകളും പാലിച്ചുകൊണ്ടാണ് നിയമനം നടത്താൻ നടപടികൾ എടുത്തത്.

(എഫ്) തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

പക്ഷേ നിയമനം പി.എസ്.സി.ക്ക് ഇതുവരെ വിട്ടുകൊടുത്തിട്ടില്ല.

(ജി) നടത്തിയിട്ടുണ്ട്. ഏറ്റവും യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനാണ് ഇപ്രകാരം ചെയ്തത്.

(എച്ച്) കോർപ്പറേഷനിലെ നിയമനങ്ങൾ ഇതുവരെ പി.എസ്.സിയ്ക്ക് വിട്ടുകൊടുത്തിട്ടില്ല. അതിനാലും കോർപ്പറേഷന് സ്ഥിരം ജീവനക്കാർ ഇല്ലാത്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കണമെന്നുള്ളതുകൊണ്ടും നിയമനങ്ങൾ നിലവിലുള്ള ഉത്തരവുകൾ അനുസരിച്ചാണ് നടത്തുന്നത് എന്നതിനാലും തുടങ്ങിവച്ച നടപടികൾ നിർത്തിവയ്ക്കാൻ ഉദ്ദേശിക്കുന്നില്ല.

ബോയൻ സമുദായത്തിന് ആനുകൂല്യങ്ങൾ നിഷേധിച്ച നടപടി

6 (3405) പ്രൊ. സാവിത്രി ലക്ഷ്മണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരു-കൊച്ചിയിലുള്ള ബോയൻ പട്ടിക ജാതിക്കാരും ഒഡനായയ്ക്കൻ ഒഴികെയുള്ള നായ്ക്കന്മാരും ഒന്നുതന്നെയാണോ: അല്ലെങ്കിൽ ഇതു സംബന്ധിച്ച് തടസ്സവാദങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ:

LIBRARY ARCHIVES Kerala Legislative Assembly